Draft #5 of File 114069/AC B6-1/2021/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 29-Oct-2021 01:02 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2021 പ്രവേശന വർഷം അഫിലിയേറ്റഡ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബി. എഡ്. പ്രോഗ്രാമുകളിലേക്കുള്ള ഏകജാലകപ്രവേശനം - രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിനു ശേഷമുള്ള പ്രവേശനനടപടി ക്രമങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അക്കാദമിക് ബി 6 സെക്ഷൻ**

നമ്പർ. 5728/AC B 6/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 29.10.2021

*പരാമർശം:-*ബഹു.വൈസ് ചാൻസിലറുടെ 23.10.2021 -ലെ ഉത്തരവ്

**ഉത്തരവ്**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന ബി.എഡ്. പ്രോഗ്രാമുകളിലെ സപ്ലിമെന്ററി അലോട്ട്മെന്റ് വരെയുള്ള അലോട്ട്മെന്റ് പ്രക്രിയകൾ നിലവിലുള്ള ഷെഡ്യൂൾ പ്രകാരം 02.12.2021-നു പൂർത്തീകരിക്കും. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി.

1. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ബി.എഡ്. കോളേജുകളിൽ നടത്തപ്പെടുന്നതായ ബി.എഡ്. പ്രോഗ്രാമുകളിലേക്ക് സപ്ലിമെന്ററി അലോട്ട്മെന്റിനുശേഷം ഒഴിവുള്ള സീറ്റിലേക്ക് പ്രവേശനം നടത്തുന്നതിന് രണ്ടു ഘട്ടങ്ങളിലായി 03.12.2021 മുതൽ 07.12.2021 വരെയും 15.12.2021 മുതൽ 18.12.2021 വരെയും ഓൺലൈനായി അപേക്ഷ/ഓപ്ഷനുകൾ സ്വീകരിക്കുന്നതിനുള്ള അവസരം നൽകുക.
2. വിവിധ പ്രോഗ്രാമുകളിലേക്കുള്ള കോളേജ് - പ്രോഗ്രാം തിരിച്ചുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുക.
3. സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മെറിറ്റ്/സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് പ്രവേശനം നടത്തുന്നതിനു ഒന്നാം ഘട്ടത്തിൽ 10.12.2021 മുതൽ 14.12.2021 വരെയും രണ്ടാം ഘട്ടത്തിൽ 21.12.2021 മുതൽ 24.12.2021 വരെയും കോളേജുകൾക്ക് അവസരം നൽകുക.
4. ബി.എഡ്. പ്രോഗ്രാമുകളിലെ പ്രവേശനം 24.12.2021 -നു അവസാനിപ്പിക്കുക.
5. മേൽ നിർദ്ദേശങ്ങളനുസൃതമായി തയ്യാറാക്കിയ ഷെഡ്യൂൾ താഴെ കൊടുത്തിരിക്കുന്നു

| SCHEDULE FOR ADMISSION | | |
|---|---|---|
| Sl. No | Item | Date |
| 1 | Facility for online registration/option registration in the CAP portal- Phase I | 03/12/2021- 07/12/2021 4.00 pm |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | | |
|---|---|---|
| 2 | Publication of Rank List by the University | 10/12/2021 |
| 3 | Admission from the ranklist at college level | 10/12/2021 -14/12/2021 |
| 4 | Facility for online registration/option registration in the CAP portal- Phase II | 15/12/2021- 18/12/2021 |
| 5 | Publication of Rank List by the University | 21/12/2021 |
| 6 | Admission from the ranklist at college level | 21/12/2021-24/12/2021 4.00 pm |
| 7 | Date of closing of admissions | 24/12/2021 |

6. റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള പ്രവേശനം തികച്ചും നീതിപൂർവ്വവും നിയമവിധേയവുമായി നടത്തുന്നതിനു അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരെ ചുമതലപ്പെടുത്തുന്നു .

7. സർവ്വകലാശാല പ്രവേശന നിയമങ്ങളിൽ നിന്നു വ്യത്യസ്തമായി അമിത ഫീസീടാക്കുകയോ റാങ്ക് ലിസ്റ്റിലെ ക്രമം മറികടന്നു പ്രവേശനം നല്കുകയോ മറ്റു പ്രവേശന ക്രമക്കേടുകൾ നടത്തുകയോ ചെയ്യുന്നതായി ബോധ്യപ്പെട്ടാൽ പ്രസ്തുത വിഷയത്തിൽ കോളേജിന്റെ അഫിലിയേഷൻ പിൻവലിക്കുന്നതുൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുകയും ബന്ധപ്പെട്ട പ്രിൻസിപ്പലിനെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

8.തുടർ വർഷങ്ങളിൽ അഫിലിയേഷൻ പുതുക്കി നല്കുന്നതിനും പുതിയ പ്രോഗ്രാം അനുവദിക്കുന്നതിനും ലഭിക്കുന്ന അപേക്ഷകൾ ഇത്തരം വിഷയങ്ങളിലെ കോളേജിന്റെ പ്രവർത്തനം കൂടി കണക്കിലെടുത്തായിരിക്കും .

മേൽ നിർദ്ദേശങ്ങളും അതിനനുസരണമായുള്ള ഷെഡ്യൂളും മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിലെ പ്രിൻസിപ്പൽമാർ
2. വൈസ് ചാൻസിലർ/ പ്രൊ-വൈസ് ചാൻസിലർഎന്നിവരുടെ പി എസ് മാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ
4. പി.ആർ.ഒ
5. ജോയിൻറ് രജിസ്ട്രാർ I/II (ഭരണം )
6. ഡെപ്യൂട്ടി രജിസ്ട്രാർ II (അക്കാദമിക് )
7. അസിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക് )
8. ക്യാപ് സാങ്കേതിക വിഭാഗം
9. എസി.എ1/ എസി.എ7/എസി.എ8/എസി.എ12
10. ഐ ക്യു എ സി/ കണ്ടെന്റ് മാനേജ്മെന്റ് സെൽ

Draft #5 of File 114069/AC B6-1/2021/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 29-Oct-2021 01:02 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

11. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 114069/AC B6-1/2021/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 29-Oct-2021 01:02 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം